**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **T. 2146** 18.07.2016-ൽ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ യുപിഎസ്എ തസ്തികകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ.റഹീം** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) മലപ്പുറം ജില്ലയിലെ യുപിഎസ്എ തസ്തികയിലേക്കുള്ള പി.എസ്. സി റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ; | (എ) 17.12.2012. |
| (ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ : | ബി) യുപിഎസ്എ തസ്തികയിൽ 225 ഒഴിവുകൾ. പ്രസ്തുത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലവിലുണ്ടോ : പ്രസ്തുത കേസിൽ എത്ര ഒഴിവുകൾ ഉള്ളതായാണ് സത്യവാങ്മൂലം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ: | (സി) ഇത് സംബന്ധിച്ച് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.നം.119/15-ാം നമ്പരിൽ ഒരു കേസ് നിലവിലുണ്ട്. കേസ് ഫയൽ ചെയ്ത സമയത്ത് യുപിഎസ്എ തസ്തികയിൽ ജില്ലയിൽ ഒഴിവ് ഉണ്ടായിരുന്നില്ല. സർക്കാർ ഉത്തരവ് നമ്പർ(പി) 29/2016/പൊ.വി.വ. തീയതി 29.01.2016 പ്രകാരം 2015-16 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിനു ശേഷം നിലവിൽ വന്ന 225 ഒഴിവുകൾ 2016 ജൂൺ മാസത്തിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത ഒഴിവുകൾ മുഴുവൻ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ: ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഡി) ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.